**15 -ാം കേരള നിയമസഭ**

**1 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 660** **09-06-2021 - ൽ മറുപടിയ്ക്ക്**

**കുട്ടനാട്ടിലെ 70 കോടി രൂപയുടെ കുടിവെള്ള പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ തോമസ് കെ തോമസ് | | Shri Roshy Augustine<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | കുട്ടനാട്ടിൽ 70 കോടി രൂപ ചെലവിൽ നടപ്പാക്കി വരുന്ന കുടിവെള്ള പദ്ധതി കമ്മീഷൻ ചെയ്യുന്നതിലെ കാല താമസത്തിനുള്ള കാരണങ്ങൾ വ്യക്തമാക്കുമോ; | (എ) | 13-ാം ധനകാര്യകമ്മീഷനിൽ 28.12.2013 ൽ 70 കോടി രൂപയുടെ ഭരണാനുമതി ലഭിച്ച പ്രവൃത്തി 3 പാക്കേജുകളിലായാണ് ക്രമീകരിച്ചിരിക്കുന്നത്. ഇതിൽ ഒന്നാം പാക്കേജായ നീരേറ്റുപുറം ജലശുദ്ധീകരണ ശാലയിൽ നിന്നും മാമ്പുഴക്കരി വരെയുള്ള 800 എം.എം.എച്ച്.ഡി.പി.ഇ. പൈപ്പ് ലൈൻ സ്ഥാപിക്കുന്ന പ്രവൃത്തി പൂർത്തീകരിച്ച് കമ്മീഷൻ ചെയ്ത് നിലവിൽ രാമങ്കരി, പുളിങ്കുന്ന് പഞ്ചായത്തുകളിലേക്ക് ശുദ്ധജലം വിതരണം ചെയ്യുന്നുണ്ട്. കൂടാതെ പാക്കേജ് 1 ൽ തന്നെ ഉൾപ്പെടുത്തി പള്ളിക്കൂട്ടുമ്മ മുതൽ കാവാലംവരെ സ്ഥാപിച്ചിട്ടുള്ള 315 എം.എം, 225 എം.എംപൈപ്പ് ലൈനുകൾ കമ്മീഷൻ ചെയ്ത് ജലവിതരണം നടത്തുന്നുണ്ട്. പാക്കേജ് 2ൻറെ ഭാഗമായി കിടങ്ങറയിൽ നിന്നും നീലംപേരൂർവരെ 500എം.എം, 200 എം.എം എച്ച്.ഡി.പി.ഇ. പൈപ്പ് ലൈനുകളും എടത്വായിൽ നിന്നു വീയപുരംവരെ 355എം.എം, 200 എം.എം എന്നീ പൈപ്പ് ലൈനുകളും സ്ഥാപിച്ചിട്ടുള്ളതാണ്. പാക്കേജ് 3 ൻറെ ഭാഗമായി 4.5 ലക്ഷം ലിറ്റർ സംഭരണശേഷിയുള്ള ജലസംഭരണി തകഴിയിൽ നിർമ്മിക്കുകയും, തകഴി 62 എം.എൽ.ഡി ശുദ്ധീകരണശാലയിൽ പമ്പ് ഹൗസ് നിർമ്മിച്ച്,പമ്പ് സെറ്റുകൾ സ്ഥാപിച്ച് ടി ജലസംഭരണി കമ്മീഷൻ ചെയ്യുകയും നിലവിൽ തകഴിയിലുള്ള വിതരണ ശൃംഖലയുമായി കൂട്ടിയോജിപ്പിക്കുകയും ചെയ്തിട്ടുണ്ട്. ആറു പഞ്ചായത്തുകളിലായി 46 കി.മിവിതരണ ശൃംഖല സ്ഥാപിക്കേണ്ടതിൽ 36 കി.മി പൂർത്തീകരിച്ചു. സ്ഥാപിച്ച പൈപ്പ് ലൈനുകളുടെ ട്രയൽറണ്ണിങ്ങും കമ്മീഷനിംഗ് പ്രവൃത്തികളും നടന്നുവരുന്നു. പൊതുമരാമത്ത് വകുപ്പിന്റെ കീഴിലുള്ള റോഡുകളിൽ പൈപ്പ് ലൈനുകൾ സ്ഥാപിക്കുന്നതിനു പൊതുമരാമത്ത് വകുപ്പ് ആവശ്യപ്പെട്ട 68,15,186രൂപ |

| | | | |
|---|---|---|---|
| | | | 05.03.2021 ൽ അടച്ചെങ്കിലും റോഡ് മുറിക്കുന്നതിനുള്ള അനുമതി ലഭ്യമായിട്ടില്ല. ഈ ആവശ്യത്തിലേക്കായി പൊതുമരാമത്ത് വകുപ്പുമായി നിരന്തരം ബന്ധപ്പെടുകയും ചെയ്തിട്ടുണ്ട്. വെളിയനാട്, വീയപുരം എന്നീ പഞ്ചായത്തുകളിൽ സ്ഥാപിച്ച വിതരണശൃഖല ചാർജ്ജ് ചെയ്തു കമ്മീഷൻ ചെയ്ത് വരുന്നു. തകഴി പഞ്ചായത്തിലെ ലൈനുകൾ പൂർണ്ണമായും ചാർജ് ചെയ്യാൻ റയിൽവെ ട്രാക്ക് ക്രോസ്ചെയ്ത്പൈപ്പ് ലൈൻ സ്ഥാപിക്കേണ്ടതായിട്ടുണ്ട്. തകഴി റയിൽവേ ലൈൻ ക്രോസ്സ്ചെയ്ത് പൈപ്പ് ലൈൻ സ്ഥാപിക്കുന്നതിനുള്ള ജോയിന്റ് ഇൻസ്പെക്ഷൻ 24.04.2021 ൽ പൂർത്തിയാക്കിയെങ്കിലും റയിൽവേ അനുമതി ലഭിച്ചിട്ടില്ല. അനുമതി ലഭ്യമാകുന്ന മുറയ്ക്ക് പൈപ്പ് ലൈനുകൾ സ്ഥാപിച്ച് കമ്മീഷനിംഗ് പൂർത്തീകരിക്കുവാൻ സാധിക്കുന്നതാണ്. |
| (ബി) | ഇത്തരം പദ്ധതികൾ സമയബന്ധിതമായി പൂർത്തിയാക്കാത്തത് മൂലം സർക്കാരിനും ജനങ്ങൾക്കും ഉണ്ടാകുന്ന വലിയ നഷ്ടം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് പരിഹരിക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ; | (ബി) | കുട്ടനാട് താലൂക്ക് താഴ്ന്ന പ്രദേശമായതിനാൽ വർഷത്തിൽ 6 മാസം മാത്രമേ റോഡ് മുറിച്ച് പൈപ്പ് ലൈൻ സ്ഥാപിക്കുന്ന പ്രവൃത്തികൾ നടത്താൻ സാധിക്കുകയുള്ളൂ. ഇത് പ്രവൃത്തിയുടെ പുരോഗതിയെ ബാധിച്ചിട്ടുണ്ട്. റോഡ് മുറിക്കുന്നതിനുള്ള അപേക്ഷ നൽകിയെങ്കിലും അനുമതി സമയബന്ധിതമായി ലഭിച്ചിരുന്നില്ല. ഇപ്പോൾ പൊതുമരാമത്ത് വകുപ്പിൽ ഓൺ ലൈൻ സംവിധാനം വഴി അപേക്ഷകൾ സമർപ്പിക്കുന്ന രീതി നിലവിൽ വന്നതിനാൽ ഇത്തരം കാലതാമസം ഒഴിവാക്കുവാൻ സാധിക്കുന്നതാണ് . |
| (സി) | പ്രസ്തുത പദ്ധതിയിൽ ബാക്കിയുള്ള ജോലികൾ എന്തൊക്കെയാണെന്നും പദ്ധതിയിലൂടെ എന്നത്തേയ്ക്ക് കുടിവെള്ളം നൽകാൻ കഴിയുമെന്നും വ്യക്തമാക്കുമോ? | (സി) | കുട്ടനാട് കുടിവെള്ള പദ്ധതിയിൽ നിന്നും കുടിവെള്ള വിതരണം പൂർണ്ണതോതിൽ നടപ്പിലാക്കാൻ വേണ്ടി കിഫ്ബിയിൽ കുട്ടനാട് ഘട്ടം 2-നായി ഉൾപ്പെടുത്തിയ സമഗ്ര കുടിവെള്ള പദ്ധതിയ്ക്ക് അനുമതി ലഭിച്ചിട്ടുണ്ട്. കുട്ടനാട് ഘട്ടം 2 പ്രോജക്റ്റിൻറെ ശുദ്ധീകരണശാലയും ട്രാൻസ്മിഷൻ ലൈനുകളും പൂർത്തിയാകുന്ന മുറയ്ക്ക് കുട്ടനാട്ടിലെ കുടിവെള്ള പ്രശ്നം ശാശ്വതമായി പരിഹരിക്കുവാൻ സാധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ